**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1149** | **05.03.2020-ലെ മറുപടിക്ക്**

**'ഭൂനികുതി സ്വീകരിക്കാൻ നടപടി'**

**ചോദ്യം**
**ശ്രീ. പി.വി.അൻവർ**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | നിലമ്പൂർ താലൂക്ക് അമരമ്പലം വില്ലേജ് റി.സർവ്വേ നമ്പർ 311, 317, 415, 429/1A1, 434 എന്നിവയിൽ ഉൾപ്പെട്ട മിച്ചഭൂമി ഏറ്റെടുത്ത് കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | നിലമ്പൂർ താലൂക്ക് അമരമ്പലം വില്ലേജിലെ ശ്രീമതി. കാർത്ത്യാനി തമ്പുരാട്ടിയുടെ പേരിലുള്ള SR-13/97 നമ്പർ മിച്ചഭൂമി കേസിൽ ഏറ്റെടുക്കുവാൻ ഉത്തരവായ സർവ്വെ നമ്പർ 415, 429/1എ 1, 434 എന്നിവയിൽ ഉൾപ്പെട്ട 40.8975 ഏക്കർ മിച്ചഭൂമി പതിച്ചുനൽകുന്നതിന് അനുമതി നൽകുന്നതിനുവേണ്ട നിയമാനുസൃത നടപടി സ്റ്റേറ്റ് ലാൻഡ് ബോർഡിൽ സ്വീകരിച്ചുവരുന്നു. |
| (ബി) | റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ മലപ്പുറം ജില്ലയിലെ കീഴുപറമ്പിൽ 2019, ഫെബ്രുവരി 20-ന് ചേർന്ന യോഗത്തിൽ ഇത് സംബന്ധിച്ച് തീരുമാനങ്ങൾ എടുത്തിരുന്നോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മലപ്പുറം ജില്ലയിലെ കീഴുപറമ്പിൽ 2019, ഫെബ്രുവരി 20-ന് ചേർന്ന യോഗത്തിൽ ബഹു.റവന്യൂ വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് അമരമ്പലം നിവാസികൾ അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷ സ്വീകരിച്ച് ഡിവിഷണൽ ഓഫീസർ, തിരൂർ തഹസിൽദാർ എന്നിവരോട് 3 മാസത്തിനുള്ളിൽ അപേക്ഷകരുടെ കൈവശത്തിലുള്ള ഭൂമി ഏറ്റെടുത്ത് ഭൂപരിഷ്കരണ നിയമം അനുസരിച്ച് പതിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു.<br>പകർപ്പ് ലഭ്യമല്ല. |
| (സി) | ശ്രീമതി. കാർത്ത്യാനി തമ്പുരാട്ടിയിൽ നിന്ന് അമരമ്പലം വില്ലേജിലെ 70.705 ഏക്കർ ഭൂമി ഏറ്റെടുത്തത് സർക്കാരിന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ ; | (സി) | ശ്രീമതി. കാർത്ത്യാനി തമ്പുരാട്ടിയിൽ നിന്നും അമരമ്പലം വില്ലേജിലെ 70.705 ഏക്കർ ഭൂമി ഏറ്റെടുക്കുവാൻ ഉത്തരവായതിൽ 40.8975 ഏക്കർ ഭൂമി അന്യകൈവശത്തോടെ ഏറ്റെടുത്തിട്ടുണ്ട്. ഈ ഭൂമി 1963-ലെ കേരള ഭൂപരിഷ്കരണ നിയമം, വകുപ്പ് 96 അനുസരിച്ചുള്ള പതിവ് നടപടി സ്വീകരിക്കുന്നതിന് ലാൻഡ് ബോർഡിൽ നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | മേൽ സർവ്വേ നമ്പരുകളിലെ ഇപ്പോഴത്തെ കൈവശക്കാരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ഡി) | ഭൂനികുതി സ്വീകരിക്കുന്നുണ്ട്. |

Nizamu

**സെക്ഷൻ ഓഫീസർ**